Vol-II, Issue : 37
27-11-2008
Jagratha 071

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

01. സത്യം അന്വേഷിക്കാൻ വിസമ്മതിക്കുമ്പോൾ അസ്വസ്ഥതകൾ തുടങ്ങുന്നു: ബിഷപ് സ്റ്റാൻലി റോമൻ
02. സിസ്റ്റർ അഭയക്കേസ് : സത്യം തെളിയിക്കപ്പെടണം ഐക്യ-ജാഗ്രതാ കമ്മീഷൻ
03. അറസ്റ്റിൽ ദുരൂഹത: കോട്ടയം അതിരൂപത
04. നിരപരാധികൾ ആരോപണവിധേയരാവരുത്: സിബിസിഐ
05. സുനാമി ഫണ്ട്: നിജസ്ഥിതി വെളിപ്പെടുത്തണമെന്ന് കെ.ആർ.എൽ.സി.സി
06. വചനവായന ധ്യാനത്തിലേക്കു നയിക്കണം: ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ
07. ഇടുക്കി: ഉന്നതാധികാര ഏജൻസി രൂപീകരിക്കണമെന്ന് ബിഷപ്പുമാർ

### 01. സത്യം അന്വേഷിക്കാൻ വിസമ്മതിക്കുമ്പോൾ അസ്വസ്ഥതകൾ തുടങ്ങുന്നു: ബിഷപ് സ്റ്റാൻലി റോമൻ

(24-11-2008)

സത്യം അന്വേഷിക്കാൻ വിസമ്മതിക്കുന്നത് പ്രശ്നങ്ങൾക്കു കാരണമാകുന്നതായി കൊല്ലം ബിഷപ് ഡോ. സ്റ്റാൻലി റോമൻ. കൊല്ലം രൂപത വിശ്വാസ സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുരാജ റാലിയുടെ സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സത്യം, നീതി, സ്നേഹം എന്നിവ അന്യംനിന്നുകൊണ്ടിരിക്കുന്ന സമൂഹത്തിലെ അസ്വസ്ഥതകൾക്ക് മധ്യേയാണ് നാം ജീവിക്കുന്നതെന്ന് ബിഷപ് കൂട്ടിച്ചേർത്തു. കൊല്ലം നഗരത്തെ വിശ്വാസികളുടെ സാഗരമാക്കി സെന്റ് അലോഷ്യസ് സ്കൂളിൽ നിന്നാരംഭിച്ച വിശ്വാസ പ്രഖ്യാപന റാലി ചിന്നക്കടയിലൂടെ സമ്മേളനവേദിയായ സെന്റ് ജോസഫ്സ് സ്കൂളിലെത്തിച്ചേർന്നു. സഭാപിതാക്കൻമാർ പറയുന്നതു കേൾക്കാൻ വിശ്വാസ സമൂഹം തയ്യാറാകില്ലെന്നു പറയുന്നവർക്കുള്ള ഉറച്ച മറുപടിയാണ് വിശ്വാസികളുടെ ഈ കൂട്ടായ്മയെന്നു മുഖ്യപ്രഭാഷണം നടത്തിയ ആലപ്പുഴ രൂപത കോർപറേറ്റ് മാനേജർ ഫാ. സേവ്യർ കുടിയാംശേരി പറഞ്ഞു. പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്ത റാലി ലത്തീൻ സമുദായത്തിന്റെ ശക്തി വിളിച്ചോതിയതായി അദ്ദേഹം കൂട്ടിച്ചേർത്തു. കൊല്ലം മുൻ ബിഷപ് ഡോ. ജോസഫ് ജി. ഫെർണാണ്ടസ്, കെ.ആർ.എൽ. സി.സി ജനറൽ സെക്രട്ടറി ഫാ.സ്റ്റീഫൻ ജി.കുളക്കായത്തിൽ എന്നിവർ പ്രസംഗിച്ചു.

### 02. സിസ്റ്റർ അഭയക്കേസ് : സത്യം തെളിയിക്കപ്പെടണം : ഐക്യ-ജാഗ്രതാ കമ്മീഷൻ (19-11-2008)

സിസ്റ്റർ അഭയയുടെ മരണവുമായി ബന്ധപ്പെട്ട് രണ്ട് വൈദീകരെയും ഒരു കന്യസ്ത്രീയെയും അറസ്റ്റ് ചെയ്ത സംഭവത്തിൽ സത്യം തെളിയിക്കപ്പെടണമെന്നും ഒരു കാരണവശാലും നിരപരാധികൾ ശിക്ഷിക്കപ്പെടരുതെന്നും ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു. അറസ്റ്റ് ചെയ്തതുകൊണ്ടുമാത്രം ആരും കുറ്റവാളികളാകുന്നില്ല. അത് കോടതിയിൽ തെളിയിക്കപ്പെടണം. കോടതി കുറ്റക്കാരനാണെന്ന് വിധിച്ച ഫാ. ബെനഡിക്ട് ഓണക്കുളം വർഷങ്ങൾക്കു ശേഷം നിരപരാധിയാണെന്ന് തെളിയിക്കപ്പെട്ടു. അഭയയുടെ മരണവുമായി ബന്ധപ്പെട്ട സംഭവത്തിൽ കത്തോലിക്കാ സഭ എന്നും ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. സത്യം തെളിയിക്കപ്പെടണം എന്നു തന്നെയാണ് എപ്പോഴും സഭയുടെ നിലപാട്. അത് ഏത് ഉന്നതനാണെങ്കിലും കുറ്റവാളിയാണെങ്കിൽ ശിക്ഷിക്കപ്പെടണം. അഭയയുടെ ഘാതകരെ കണ്ടുപിടിക്കണമെന്നാവശ്യപ്പെട്ട് സഭയിലെ യുവജന സംഘടന സമരം ചെയ്തിട്ടുണ്ട്. സത്യം തെളിയിക്കപ്പെടണമെന്ന നിലപാടിൽ സഭ ഉറച്ചു നിൽക്കുന്നു.

സിസ്റ്റർ അഭയയുടെ മരണവുമായി ബന്ധപ്പെട്ട് രണ്ട് വൈദീകരെ മാത്രം കേന്ദ്രീകരിച്ചാണ് അന്വേഷണസംഘങ്ങൾ അന്വേഷണം നടത്തിയിരുന്നത്. ആരോപണ വിധേയരായ ചിലരെക്കുറിച്ച് അന്വേഷിക്കുവാൻ അന്വേഷണസംഘം ഒരിക്കലും തയ്യാറായിട്ടില്ല. ആ വഴിക്ക് അന്വേഷണം നടത്താത്തതിൽ സംശയമുണ്ട്. നാർക്കോ അനാലിസിസ് ടെസ്റ്റിലും തെളിവു ലഭിച്ചിട്ടില്ല എന്ന് പറഞ്ഞ സി.ബി.ഐ ഇപ്പോൾ തിടുക്കത്തിൽ രണ്ടു വൈദീകരെയും ഒരു കന്യസ്ത്രീയെയും അറസ്റ്റു ചെയ്തത് സംശയം ജനിപ്പിക്കുന്നു. കഴിഞ്ഞ പതിനാറു വർഷമായി ഈ കേസ്സുമായി ബന്ധപ്പെട്ട എല്ലാ ബാഹ്യ ഇടപെടലുകളും അന്വേഷണ വിധേയമാക്കണം. നിയമം അതിന്റെ വഴിയെ നീങ്ങണമെന്നും സത്യം തെളിയിക്കപ്പെടണമെന്നും നിരപരാധികൾ ശിക്ഷിക്കപ്പെടരുതെന്നും ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

## 03. അറസ്റ്റിൽ ദുരൂഹത: കോട്ടയം അതിരൂപത (20- 11-2008)

അതിരൂപതയിലെ രണ്ടു വൈദികരെയും ഒരു കന്യാസ്ത്രീയെയും അഭയാകേസിൽ അറസ്റ്റു ചെയ്തതിൽ ദുരൂഹതയുണ്ടെന്ന് കോട്ടയം അതിരൂപതാ ജാഗ്രതാ സമിതി പ്രസ്താവിച്ചു. 16 വർഷം നിരവധി അന്വേഷണസംഘങ്ങൾ ചോദ്യം ചെയ്യലിനും ശാസ്ത്രീയ പരിശോധനകൾക്കും വിധേയമാക്കിയപ്പോൾ ആരോപണവിധേയരാവർക്കെതിരായി യാതൊരുവിധ മൊഴിയും നൽകാത്ത യുവാവ് സി.ബി.ഐ കസ്റ്റഡിയിൽ മൂന്നു ദിവസം കഴിഞ്ഞപ്പോൾ നിർണായകമായ മൊഴി കൊടുത്തുവെന്ന് പറയുന്നതിൽ ഏറെ അസ്വാഭാവികതയുണ്ട്. കോടതിയിൽ നിശിതമായ വിമർശനത്തിനു വിധേയമായ സി.ബി.ഐ മുൻകൂട്ടി തയാറാക്കിയ ഒരു തിരക്കഥപോലെ എങ്ങനെയും ഈ കേസ് കോടതിയിൽ എത്തിച്ച് തടിയൂരി മുഖം രക്ഷിക്കുവാനുള്ള നീക്കമാണ് നടത്തിയിരിക്കുന്നതെന്ന് ജാഗ്രതാ സമിതി പറഞ്ഞു. ഈ കേസിൽ ആരോപണവിധേയരായ ഏതാനും യുവാക്കളെപ്പറ്റി അന്വേഷണം നടത്തണമെന്ന് രൂപതാ വൈദികസമിതി ആവശ്യപ്പെട്ടിട്ടും സി.ബി.ഐ ഒരിക്കൽപ്പോലും ഈ ദിശയിൽ അന്വേഷണം നടത്തിയതായി അറിവില്ല. ഇപ്പോൾ അറസ്റ്റ് ചെയ്യപ്പെട്ടവർ നിരപരാധികളാണെന്നും ശരിയായ ദിശയിൽ അന്വേഷണം നടത്തിയാൽ യഥാർഥ ചിത്രം പുറത്തുവരുമെന്നും ജാഗ്രതാസമിതി പറഞ്ഞു.

## 04. നിരപരാധികൾ ആരോപണവിധേയരാവരുത്: സിബിസിഐ (21-11-2008)

അഭയകേസിൽ സത്യം പുറത്തുവരിന്നതിനൊപ്പം, നിരപരാധികൾ ആരോപണവിധേയരാവുന്നില്ലെന്നും ഉറപ്പാക്കേണ്ടതുണ്ടെന്നു കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ(സിബിസിഐ). കേസിൽ കഴിഞ്ഞ ദിവസം നടന്ന അറസ്റ്റിന്റെ പശ്ചാത്തലത്തിൽ വി.എസ് അച്യുദാനന്ദൻ നടത്തിയ പരാമർശങ്ങൾ മുഖ്യമന്ത്രിക്കു നിരക്കുന്നതല്ലെന്നും സി.ബി.സി.ഐ വക്താവ് ഫാ. ബാബു ജോസഫ് പറഞ്ഞു. ഇത്തരത്തിൽ വളരെ സങ്കീർണ്ണമായൊരു കേസിൽ നിയമം അതിന്റെ വഴി സ്വീകരിക്കുന്നതിനു സാഹചര്യമൊരുക്കുകയാണ് മുഖ്യമന്ത്രി ചെയ്യേണ്ടത്. അല്ലാതെ പദവിക്കു നിരക്കാത്ത പരാമർശങ്ങൾ നടത്തുകയല്ല. രണ്ടു വൈദീകരും ഒരു കന്യസ്ത്രീയും അറസ്റ് ചെയ്യപ്പെട്ട സാഹചര്യത്തെക്കുറിച്ച് സിബിസിഐയ്ക്കു വലിയ ആശങ്കയുണ്ട്. കഴിഞ്ഞ 16 വർഷമായി സിബിഐ കേസ് അന്വേഷിക്കുന്നതാണ്. പല സിബിഐ സംഘങ്ങൾ അന്വേഷിച്ചെങ്കിലും കഴിഞ്ഞ ദിവസം അറസ്റ്റിലായ വൈദീകർക്കും കന്യാസ്ത്രീക്കുമെതിരെ തെളിവു ലഭിച്ചില്ല. നിർണായകമായ തെളിവു നൽകിയെന്നു പറയുന്ന വ്യക്തിയെ നേരത്തെ സിബിഐ സംഘങ്ങൾ ചോദ്യം ചെയ്തതും അന്നൊക്കെ നൽകിയ മൊഴികൾ കേസ് മുന്നോട്ട് പോകാൻ തക്ക ഗൗരവമുള്ളതായി പരിഗണിക്കാത്തതുമാണ്. അതുകൊണ്ട് തന്നെ കേസ് അവസാനിപ്പിക്കണമെന്ന നിലപാട് സ്വീകരിച്ചതുമാണ്. എന്നാൽ പുതിയ സിബിഐ സംഘമെത്തി ദിവസങ്ങൾക്കുള്ളിൽ മൂന്നു പേരെ അറസ്റ്റ് ചെയ്തു. അതും നേരത്തെ സ്വീകാര്യമല്ലാതിരുന്ന തെളിവു നൽകിയ വ്യക്തിയുടെ തന്നെ മൊഴിയുടെ അടിസ്ഥാനത്തിൽ. അത്രമേൽ ശക്തമായ തെളിവു കണ്ടെത്താൻ ദിവസങ്ങൾക്കുള്ളിൽ എങ്ങനെ സാധിച്ചു? ഇതു പുതിയ സിബിഐ സംഘത്തിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ചുതന്നെ സംശയമുണ്ടാക്കുന്നു. സത്യം പുറത്തുവരണമെന്നാണ് കേരളസഭ എന്നും അഭയകേസിൽ സ്വീകരിച്ചിട്ടുള്ള നിലപാട്. സത്യം പുറത്തുവന്നാൽ മാത്രമേ സിസ്റ്റർ അഭയയ്ക്കും കുടുംബത്തിനും നീതി ലഭിക്കുകയുള്ളു.അപ്പോഴും നിരപരാധികൾ, പ്രത്യേകിച്ച് സമുദായത്തിൽ ബഹുമാന്യ സ്ഥാനങ്ങളിലുള്ള നിരപരാധികൾ, കേസിൽ കുടുക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കണം.

നീതിയുക്തമായ രീതിയിൽ മാത്രമാവും കേസ് അന്വേഷണം നടക്കുകയെന്നും യഥാർത്ഥ കുറ്റവാളികൾ ശിക്ഷിക്കപ്പെടുമെന്നുമാണ് സിബിസിഐയുടെ പ്രതീക്ഷ-ഫാ. ബാബു ജോസഫ് പറഞ്ഞു.

**05. സുനാമി ഫണ്ട്: നിജസ്ഥിതി വെളിപ്പെടുത്തണമെന്ന് കെ.ആർ.എൽ.സി.സി** (17-11-2008 )

സുനാമി ഫണ്ടിന്റെ വിനിയോഗത്തെകുറിച്ചുള്ള നിജസ്ഥിതി ജനങ്ങളെ അറിയിക്കാൻ സർക്കാർ തയാറാവണമെന്നു കെ.ആർ. എൽ.സി.സി എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. ഫണ്ടിൽ എത്ര ശതമാനത്തോളം കടലോരവാസികൾക്ക് വേണ്ടിയും എത്ര ശതമാനം മറ്റു പ്രദേശങ്ങളിലേക്കും ചെലവാക്കിയെന്ന് വ്യക്തമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സമയപരിധി 2009 മാർച്ചിൽനിന്ന് ഒരു വർഷം കൂടി ദീർഘിപ്പിച്ചതിനെക്കുറിച്ചും തീരദേശ ജനങ്ങളെ സർക്കാർ ബോധ്യപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെട്ടു. എറണാകുളം ആശിർഭവനിൽ ചേർന്നയോഗത്തിൽ പ്രസിഡന്റ് ആർച്ചുബിഷപ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ അദ്ധ്യക്ഷനായിരുന്നു.

**06. വചനവായന ധ്യാനത്തിലേക്കു നയിക്കണം:ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ** (24-11-2008)

ദൈവവചനത്തിന്റെ വായന ധ്യാനത്തിലേക്കും പ്രാർത്ഥനയിലേക്കും നയിക്കണമെന്ന് കെ. സി. ബി. സി ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ പ്രസ്താവിച്ചു. വായന ആദ്യപടി മാത്രമേ ആകുന്നുള്ളൂ. ബൈബിൾ വായിച്ച് മനപാഠമാക്കുന്നതുവഴി അതു ധ്യാനവിഷയമാക്കാൻ സാധിക്കുന്നു. വായിച്ച് അർത്ഥങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ പ്രാർത്ഥനയിലേക്കും നയിക്കുന്നു. പ്രാർത്ഥനയ്ക്കും ദൈവൈക്യത്തിനുമുള്ള അടിസ്ഥാനം വായനയാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കാത്തലിക് ബൈബിൾ സൊസൈറ്റിയും ചേർന്ന് സംയുക്തമായി അഖില കേരളാ തലത്തിൽ നടത്തിയ ലോഗോസ് ക്വിസ് മത്സരത്തിന്റെ സമ്മാനദാന സമ്മേളനം പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വചനവായനയ്ക്കും സ്വാംശീകരണത്തിനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ്, ക്വിസിലൂടെ സാധിക്കുന്ന ഏറ്റവും വലിയ കാര്യമായ ബൈബിൾ വായനയെ പ്രോത്സാഹിപ്പിക്കുന്നു- ബിഷപ്പ് തുടർന്നു. വളരെ അഭിമാനകരമായ പ്രോഗ്രാമാണ് ലോഗോസ് ക്വിസ് എന്നു സൂചിപ്പിച്ച ബിഷപ്പ് മത്സരത്തിലൂടെ വലിയൊരു ദൗത്യമാണ് സഭ ഇക്കാര്യത്തിൽ നിർവഹിക്കുന്നതെന്നും പറഞ്ഞു. കേരളത്തിലെ 29 രൂപതകളിലെ പള്ളികളിലും സ്ഥാപനങ്ങളിലും നിന്നുമായി ഒക്ടോബർ 5-ാം തീയതി സംഘടിപ്പിച്ച മത്സരപരീക്ഷയിൽ എ. ബി. സി. ഡി. ഇ. എന്നീ അഞ്ച് പ്രായവിഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ 450 പേർക്കാണ് പി.ഒ.സി.യിൽ വച്ച് സംസ്ഥാനതലപരീക്ഷ നടത്തിയത്. രാവിലെ എഴുത്തുപരീക്ഷയിൽ ഓരോ ഗ്രൂപ്പിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള 50 പേരെ തിരഞ്ഞെടുത്ത് അവർക്ക് ഉച്ചകഴിഞ്ഞ് എഴുത്ത്, ഓഡിയോ, വീഡിയോ, ഓറൽ എന്നീ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലുടെയുള്ള പരീക്ഷയായിരിന്നു. ഈ പരീക്ഷയിൽനിന്ന് അഖിലകേരള തലത്തിൽ വിജയികളെ കണ്ടെത്തി. സമ്മാനങ്ങൾ ഉച്ചകഴിഞ്ഞ് 5 മണിക്ക് നടന്ന സമാപനസമ്മേളനത്തിൽവച്ച് വിതരണം ചെയ്തു മൂന്നു ലക്ഷത്തി എൺമ്പത്തി അയ്യായിരം പേരിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടി സംസ്ഥാനതലത്തിൽ ലോഗോസ് പ്രതിഭ എന്ന സ്ഥാനം കരസ്ഥമാക്കിയ ഡി പ്രായവിഭാഗത്തിൽ ശ്രീമതി ലീനാ മാത്യു പുത്തേത്തുകുന്നേൽ പാലയ്ക്കൽ കുടുംബയോഗം ഏർപ്പെടുത്തിയ പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡും, (10000 രൂപ) സർട്ടിഫിക്കറ്റും കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ നൽകി. ലോഗോസ് പ്രതിഭയുടെ രൂപതക്കുള്ള പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി എറണാകുളം അതിരൂപത നേടി. മത്സരവിജയികൾക്ക് ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, ട്രോഫികൾ, സ്വർണ്ണമെഡലുകൾ, പുസ്തകങ്ങൾ, ബൈബിൾ, ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സമ്മാനങ്ങളും വിതരണംചെയ്തു.

സംസ്ഥാനതല വിജയികൾക്കുൾക്കു പുറമെ രൂപതാ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത് യഥാക്രമം ഒന്നും മൂന്നും സ്ഥാനങ്ങൾ നേടിയ എറണാകുളം രൂപതയ്ക്കുവേണ്ടി ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ജോസ് പുതിയേടത്തും പാലാ രൂപതയ്ക്കുവേണ്ടി

ഡയറക്ടർ റവ. ഡോ. അഗസ്റ്റിൻകുട്ടിയാനയിൽ തൃശൂർ അതിരൂപതയ്ക്കുവേണ്ടി ഫാ. ലിജോ ചിററിലപ്പള്ളി എന്നിവർ ട്രോഫികൾ ഏററുവാങ്ങി. ഇടവക തലത്തിൽ ഏററവും കൂടുതൽ അംഗങ്ങളെ ചേർത്ത് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ സെന്റ്. ജോർജ്ജ് ഫോറോനപ്പള്ളി അങ്കമാലി (എറണാകുളം അതിരൂപത), സെൻറ് മേരീസ് ഫൊറോനപ്പള്ളി കുറവിലങ്ങാട് (പാലാ രൂപത), സെൻറ് ജോസഫസ് പള്ളി പാവർട്ടി (തൃശൂർ അതിരൂപത) എന്നീ പള്ളികൾക്കുമുളള ക്യാഷ് അവാർഡും ട്രോഫിയും വിതരണം ചെയ്തു റവ.ഡോ.സ്റ്റീഫൻ ആലത്തറ, റവ. ഡോ. സൈറസ് വേലാംപറമ്പിൽ, ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. സാബുജോസ് എന്നിവർ പ്രസംഗിച്ചു.

## 07. ഇടുക്കി: ഉന്നതാധികാര ഏജൻസി രൂപീകരിക്കണമെന്ന് ബിഷപ്പുമാർ (25-11-2008)

ഇടുക്കി വികസനത്തിന് അനുവദിച്ച പ്രത്യേക പാക്കേജ് ഫലപ്രദമായി നടപ്പിലാക്കാൻ കേന്ദ്രസർക്കാർ ഉന്നതാധികാര ഏജൻസിയെ നിയമിക്കണമെന്ന് കാഞ്ഞിരപ്പള്ളി, ഇടുക്കി ബിഷപ്പുമാരായ മാർ മാത്യു അറയ്ക്കലും മാർ മാത്യു ആനിക്കുഴിക്കാട്ടിലും പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. കേന്ദ്രസർക്കാർ നടപ്പാക്കിയ കാർഷിക കടാശ്വാസ പദ്ധതിയിൽ പെടാതെപോയ കർഷകരുടെ കടങ്ങൾ കൂടി എഴുതിത്തള്ളണമെന്ന് മെത്രാന്മാർ അഭ്യർഥിച്ചു. കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിലുണ്ടായ വീഴ്ച ഇടുക്കിയിൽ ആവർത്തിക്കരുത്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളെയും കാപ്പി, സ്പൈസസ്, തേയില, റബർ ബോർഡുകളെയും കേരള സർക്കാരിനെയും ഏകോപിപ്പിക്കേണ്ടത് അനിവാര്യമാണ്. പാക്കേജിലെ വിവിധ പദ്ധതികൾ വേഗത്തിലും ഫലപ്രദമായും നടപ്പാക്കുന്നതിന് ഏകജാലക സംവിധാനം ആവശ്യമാണ്. ഇതിനായി ഇടുക്കി പാക്കേജിന്റെ പൂർണ ചുമതലയുള്ള ഒരു മുഴുസമയ ഉന്നതോദ്യഗസ്ഥന്റെ നേതൃത്വത്തിൽ ഹൈപവർ ഇംപ്ലിമെന്റേഷൻ ഏജൻസി രൂപീകരിക്കണം. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് കേന്ദ്ര കൃഷി, ഗ്രാമവികസന, വാണിജ്യ വകുപ്പുകളും കേരള സർക്കാരും സംയുക്തമായി ഉന്നതാധികാര ഏജൻസിയുടെ ഭാഗമായിരിക്കണമെന്ന് മാർ അറയ്ക്കലും മാർ ആനിക്കുഴിക്കാട്ടിലും പ്രധാനമന്ത്രിക്കു നൽകിയ നിവേദനത്തിൽ നിർദേശിച്ചു.

ഗുണഭോക്താക്കൾ, പ്രാദേശിക സന്നദ്ധ സംഘടനകൾ, വിവിധ വാണിജ്യ ബോർഡുകൾ എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഉന്നതാധികാര ഏജൻസിയുടെ കീഴിൽ ഉപദേശകസമിതി രൂപീകരിക്കണമെന്ന് ഇവർ ആവശ്യപ്പെട്ടു. രാഷ്ട്രീയ ഇടപെടലില്ലാതെ കർഷകർക്കും സാധാരണക്കാർക്കും നേരിട്ട് പാക്കേജിന്റെ ഗുണം ലഭ്യമാകാൻ ഇതാവശ്യമാണ്. ഇടുക്കി പാക്കേജ് നടപ്പിലാക്കുന്നതിനെക്കുറിച്ച് പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ നായരുമായി ഹൈറേഞ്ച് സംരക്ഷണ സമിതി രക്ഷാധികാരി കൂടിയായ മാർ മാത്യു അറയ്ക്കൽ ഇന്നലെ ഇവിടെ ചർച്ച നടത്തി. ഇടുക്കി ജില്ലയുടെ സമഗ്ര വികസനത്തിനും കാർഷിക വളർച്ചയ്ക്കും സഹായകമായ 1,200-ഓളം കോടിയുടെ പാക്കേജ് അനുവദിച്ച കേന്ദ്രമന്ത്രിസഭയ്ക്കുള്ള നന്ദിയും അഭിനന്ദനവും അദ്ദേഹം അറിയിച്ചു. യു.പി.എ അധ്യക്ഷ സോണിയാ ഗാന്ധി, കേന്ദ്രമന്ത്രിമാരായ എ.കെ ആന്റണി, ശരത് പവാർ, ജയറാം രമേശ് എന്നിവർക്ക് ഇന്ന് നിവേദനം നൽകും. വിദേശ നാണ്യം നേടിത്തരുന്ന സുഗന്ധ വ്യഞ്ജനങ്ങളും നാണ്യവിളകളും ഉത്പാദിപ്പിക്കുന്ന ചെറുകിട, നാമമാത്ര കർഷകരെ പൂർണമായി കടക്കെണിയിൽ നിന്നു വിമുക്തമാക്കുക കൂടി ചെയ്താലേ പാക്കേജിന്റെ ലക്ഷ്യം പൂർണമായി നേടാനാകൂവെന്ന് മാർ അറയ്ക്കൽ പറഞ്ഞു. ഡോ. എം.എസ് സ്വാമിനാഥൻ ശിപാർശ ചെയ്തതു പോലെ സാധാരണക്കാരുടെ 650 കോടിയുടെ കടങ്ങൾ കൂടി എഴുതിത്തള്ളേണ്ടതുണ്ട്. ഇതിനായി പ്രത്യേകമായൊരു കടാശ്വാസ പദ്ധതി ആവിഷ്കരിക്കണമെന്ന് കെ.സി.ബി.സിയുടെ ജസ്റ്റിസ്, പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ ചെയർമാൻ കൂടിയായ മാർ അറയ്ക്കൽ ചൂണ്ടിക്കാട്ടി.